# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനത്തിൽ നിന്നും ഭക്ഷിക്കുക. ആത്മാവിനെ പാനം ചെയ്യുക. ശരിയായ പുഷ്ടിയും ബലവും പ്രാപിക്കുക. പുതിയ ദിവസത്തെ അഭിമുഖികരിക്കുക. എത്രയോ ശ്രേഷ്ഠമായ അനുഭവം. പ്രകൃതിയെ സംബന്ധിച്ചിടത്തോളം ഏററവും ശാന്തമായ അന്തരീക്ഷമാണ് പ്രഭാതത്തിലുള്ളത്. രാത്രിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടജന്തുക്കളെല്ലാം തങ്ങളുടെ മാളങ്ങളിലേക്ക് തിരികെ കയറുന്ന നിമിഷം, അപ്പോൾ തന്നെ പകൽ സഞ്ചരിക്കുന്ന ജന്തുക്കളെല്ലാം ഭൂമിയിലേക്ക് ഇറങ്ങുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുള്ളു. തളർച്ച ക്ഷീണിപ്പിക്കുന്ന വെയിലിന്റെ ചൂട് അനുഭവപ്പെടാൻ ഇനിയും സമയം വേണം. അങ്ങനെ എല്ലാ വിധത്തിലും ശാന്തമായ അന്തരീക്ഷമാണ് ദൈവത്തിൽ നിന്നും പ്രാപിക്കുവാനും ബലപ്പെടുവാനുള്ള ഉത്തമമായ സമയം. പ്രഭാതം അതിന്റേതായ നിലയിൽ വിനിയോഗിക്കുവാൻ ശ്രമിക്കാത്ത ആടുകളെ ശ്രദ്ധിച്ചാൽ, വെയിലിന്റെ ചൂട് ഏററു തുടങ്ങുമ്പോൾ അത് പുല്ലു തിന്നുവാൻ ആരംഭിക്കുന്നു. പുല്ല് അവിടെ ഉണ്ട്, പക്ഷെ അതിൽ വെള്ളത്തിന്റെ നനവ് ഇല്ല. സൂര്യന്റെ ചൂട് അവയെല്ലാം അപഹരിച്ചു. ഇനിയും അല്പം പുല്ല് തിന്നിട്ട് ജലത്തിനായി ഓടേണ്ടിയിരിക്കുന്നു. വളരെ വേഗം ക്ഷീണിക്കുന്നു. മററ് കാര്യങ്ങൾക്ക് വേണ്ടി - വിശ്രമത്തിനും മററും വേണ്ടി - വിനിയോഗക്കേണ്ടതായ സമയം പുൽമേടിനും ജലാശയത്തിനും ഇടയ്ക്കു ഓടുവാനായി വിനിയോഗിക്കേണ്ടി വരുന്നു. എന്നിട്ട് വൈകിട്ട്, 'എനിക്ക് ഇന്നു അല്പം പോലും വിശ്രമം ലഭിച്ചില്ല. കഠിനമായ അദ്ധ്വാനം ആയിരുന്നു. യാതൊന്നും നേടുവാൻ കഴിഞ്ഞില്ല' എന്നു പറഞ്ഞുകൊണ്ട് തളർന്നുവീഴുകയും ചെയ്യും. അതേ സമയം, പ്രഭാതത്തിൽ എഴുന്നേററ് മഞ്ഞുതുള്ളികളാൽ നിറയപ്പെട്ടിരുന്ന പുല്ലുകൾ ഭക്ഷിച്ച ആടുകളെ നോക്കിയാൽ, ആവശ്യത്തിനുള്ള പുല്ലും വെള്ളവും ഉള്ളിലെത്തി കഴിഞ്ഞു. സൂര്യന്റെ ചൂട് വ്യാപിച്ചപ്പോൾ, അവ നല്ല തണലുള്ള ഭാഗത്തേക്ക് നീങ്ങി കിടന്നുകൊണ്ട് അയവിറക്കുന്നു. നല്ല വിശ്രമം, സമാധാനസമ്പൂർണ്ണമായ വിശ്രമം. ഇവ കിടന്ന് വിശ്രമിച്ച് അയവിറക്കുമ്പോൾ, ആദ്യം കണ്ട ആടുകൾ വെയിലത്ത് വെള്ളത്തിനായി ഓടുകയാണ്. ഇതിന്റെ വെളിച്ചത്തിൽ, നമ്മുടെ ക്രിസ്തീയജീവിതത്തെപ്പററി ചിന്തിച്ചാൽ പ്രഭാതത്തിൽ മററു കാര്യങ്ങളിൽ പ്രവേശിക്കുവൻ തുടങ്ങുന്നതിന് മുമ്പേ, എല്ലാം ശാന്തമായിരിക്കുന്ന അനുഭവത്തിൽ, ദൈവസന്നിധിയിലിരുന്ന് വചനം ധ്യാനിക്കുകയും പ്രാർത്ഥിച്ച് ആത്മാവിനെ പാനം ചെയ്തു ബലം പ്രാപിക്കുകയും ചെയ്യുന്ന വ്യക്തി, നിറഞ്ഞ ആത്മീയ ഉന്മേഷത്തോടും പ്രസരിപ്പോടും കൂടെ ദിവസത്തെയും അതിന്റേതായ പ്രശ്നങ്ങളെയും അഭിമുഖികരിക്കുന്നു.

തുടരും...